ഫിഷറീസും സ്പോർട്ട്സും വകുപ്പുമന്ത്രി (ശ്രീ. ഡൊമിനിക് പ്രസന്റേഷൻ) : സർ, സംസ്ഥാനത്തെ മത്സ്യബന്ധന മേഖലയിലുള്ള പാവപ്പെട്ട തൊഴിലാളികൾ ജീവിക്കുന്ന പ്രദേശങ്ങളുമായും അവർ ജോലി ചെയ്യുന്ന ഹാർബർ ലാന്റിംഗ് സെന്റേഴ്സ്, മത്സ്യബന്ധന മാർക്കറ്റുകൾ എന്നിവയുമായും ബന്ധപ്പെടുത്തി ഫിഷറീസ് റോഡ് നിർമ്മിക്കുന്നതിന് നബാർഡ് സഹായത്തോടുകൂടി 20 കോടി രൂപയുടെ പദ്ധതി തയ്യാറാക്കാൻ നടപടി സ്വീകരിച്ചുവരുന്നു. എന്നാൽ നബാർഡിന്റെ നിലവിലുള്ള നിബന്ധനയനുസരിച്ച് 6 മീറ്റർ വീതി മേൽ പ്രസ്താവിച്ച റോഡുകൾക്ക് ഇല്ല എന്ന കാരണത്താൽ നബാർഡ് അനുമതി നൽകുകയുണ്ടായില്ല. ഫിഷറീസ് റോഡുകളിലും മത്സ്യത്തൊഴിലാളി മേഖലയിലും മത്സ്യത്തൊഴിലാളികളുടെ പിന്നോക്കാവസ്ഥ കണക്കിലെടുത്ത് ആറ് മീറ്റർ വീതിയെന്ന നിബന്ധനയിൽ ഇളവുവരുത്തി ഒരു പ്രത്യേക പദ്ധതിയായി നബാർഡ് ഇത് അനുവദിക്കണമെന്ന് നബാർഡിന്റെ മുംബൈയിലുള്ള ഹെഡ് ആഫീസിലും തിരുവനന്തപുരം റീജിയണൽ ആഫീസിലും നിരന്തരം ബന്ധപ്പെട്ടുകൊണ്ടിരിക്കുകയാണ്. ഈ കഴിഞ്ഞ തിങ്കളാഴ്ച നബാർഡിലെ ഉദ്യോഗസ്ഥരെ കേരളത്തിൽ വിളിച്ചുവരുത്തി ചർച്ച നടത്തിയപ്പോൾ സർക്കാർ കടം എടുക്കുന്നത് തിരിച്ചടയ്ക്കേണ്ടതാണ് ; കടമെടുക്കുന്ന കാര്യത്തിൽ നബാർഡ് ഇങ്ങനെയുള്ള നിബന്ധനകൾ വയ്ക്കാൻ പാടില്ല ; ഏറ്റവും പിന്നോക്കം നിൽക്കുന്ന മേഖലയെന്നുള്ള നിലയ്ക്ക് ഇത് അനുവദിക്കണമെന്ന് അവരോട് ആവശ്യപ്പെട്ടിട്ടുണ്ട്. ഈ വിഷയത്തിൽ 10 ദിവസത്തിനകം അനുകൂലമായ തീരുമാനം എടുക്കാമെന്ന് നബാർഡ് പറഞ്ഞിരിക്കുകയാണ്. അങ്ങനെ തീരുമാനമുണ്ടായാൽ ബഹുമാനപ്പെട്ട മെമ്പർ പറഞ്ഞ കണ്ണൂർ ജില്ലയിലെ വാണ്കണ്ടം-കോവിലകം റോഡിനുവേണ്ടി 6.7 ലക്ഷം രൂപയും നാരായണൻപറമ്പ്-മോന്താൽക്കടവ് റോഡിനു വേണ്ടി 12 ലക്ഷം രൂപയും അനുവദിക്കുന്നതാണ്. ഈ രണ്ട് റോഡുകളും നബാർഡിന്റെ അനുമതി കിട്ടിയാൽ ആരംഭിക്കുമെന്ന് ഉറപ്പ് നൽകുകയാണ്.

(17) മരുന്നുമാറി കുത്തിവച്ചതുമൂലം മരണമടഞ്ഞ ശ്യാമിന്റെ കുടുംബത്തിന് ധനസഹായം

ശ്രീ. മാങ്കോട് രാധാകൃഷ്ണൻ : സർ, എല്ലാപേരെയും ദുഃഖിപ്പിച്ച സംഭവമാണ് മരുന്നുമാറി കുത്തിവച്ച് ശ്യാം എന്ന കുട്ടി മരണപ്പെട്ടത്. അതിന്റെ വിശദാംശങ്ങളിലേക്ക് സമയക്കുറവുകൊണ്ട് കടക്കുന്നില്ല. ഈ സംഭവം സംബന്ധിച്ച് അടിയന്തിരമായി ഒരു ഉന്നതതല അന്വേഷണം നടത്തണം. ആ കുടുംബത്തിന് 5 ലക്ഷം രൂപ അടിയന്തിര സഹായമായി ഉടനെ കൊടുക്കണം. ശ്യാമിന്റെ അമ്മ 32 വയസ്സുള്ള ശൈലജയ്ക്ക് ജോലി നൽകുമെന്ന് ജില്ലാ കളക്ടർ ഇന്നലെ ഞങ്ങൾക്ക് എഴുതി ഉറപ്പ് നൽകിയിട്ടുണ്ട്. അടിയന്തിരമായി ഒരു മാസത്തിനുള്ളിൽ ജോലി കൊടുക്കുന്നതിനുവേണ്ടിയുള്ള നടപടി സ്വീകരിക്കണം. ഒന്നര വയസ്സുള്ള ലക്ഷ്മിക്ക് എച്ച്.ഐ.വി. ബാധിച്ചപ്പോൾ അമ്മയ്ക്ക് ജോലി കൊടുക്കുമെന്ന് പറഞ്ഞിട്ട് മാസങ്ങൾ പലതു കഴിഞ്ഞു. ഇന്നേവരെ കൊടുത്തിട്ടില്ല. ആ അവസ്ഥ ശൈലജയ്ക്ക് ഉണ്ടാകരുത്. ഒരു മാസത്തിനുള്ളിൽ ജോലി കൊടുക്കുന്നതിനുള്ള നടപടി സ്വീകരിക്കണം.

LIBRARY ARCHIVES Kerala Legislative Assembly

ജലവിഭവവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി (ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ) : അങ്ങ് പറഞ്ഞത് കോമ്പൻസേഷനെ സംബന്ധിച്ചാണ്. ഗവൺമെന്റ് പരിശോധിച്ച് ആവശ്യമായ നടപടികൾ സാമ്പത്തിക പരിമിതിക്കുള്ളിൽ നിന്നുകൊണ്ട് ചെയ്യുന്നതിനെക്കുറിച്ച് ആലോചിക്കാം.

(വെള്ളിയാഴ്ച ദിവസങ്ങളിൽ ഉച്ചയ്ക്കുശേഷം 12.30-ന് സഭ പിരിയേണ്ടതിനാൽ കാര്യവിവരപ്പട്ടികയിലെ മറ്റ് ഇനങ്ങൾ പരിഗണനയ്ക്കെടുത്തില്ല.)

മി. ഡെപ്യൂട്ടി സ്പീക്കർ : സമയം കഴിഞ്ഞു. സഭ ഇപ്പോൾ പിരിയുന്നതും തിങ്കളാഴ്ച രാവിലെ 8.30-ന് വീണ്ടും, സമ്മേളിക്കുന്നതുമാണ്.

(2006 ഫെബ്രുവരി മാസം 20-ാം തീയതി തിങ്കളാഴ്ച രാവിലെ 8.30-ന് വീണ്ടും സമ്മേളിക്കുന്നതിലേക്കായി സഭ ഉച്ചയ്ക്കുശേഷം 12.30-ന് പിരിഞ്ഞു.)

LIBRARY ARCHIVES Kerala Legislative Assembly